**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 19.02.2025

# കൈക്കൂലി കേസ്സിൽ മുൻ പഞ്ചായത്ത് സെക്രട്ടറിയെ കഠിന തടവിന് ശിക്ഷിച്ചു.

കോഴിക്കോട് ജില്ലയിലെ പേരാമ്പ്രാ ഗ്രാമ പഞ്ചായത്ത് മുൻ സെക്രട്ടറിയായിരുന്ന പത്മരാജനെ, പുതുതായി തുടങ്ങിയ ബിസിനസ് സംരംഭത്തിന് വ്യാപാര ലൈസൻസ് നൽകുന്നതിന് 5,000/- രൂപ കൈക്കൂലി വാങ്ങവെ കോഴിക്കോട് വിജിലൻസ് യൂണിറ്റ് കയ്യോടെ പിടികൂടിയ കേസ്സിൽ കുറ്റക്കാരനാണെന്ന് കണ്ടെത്തി 7 വർഷം കഠിന തടവിനും 1,00,000/-പിഴ ഒടുക്കുന്നതിനും ഇന്ന് (19.02.2025) കോഴിക്കോട് വിജിലൻസ് കോടതി ശിക്ഷിച്ചു.

2014 കാലഘട്ടത്തിൽ പേരാമ്പ്ര സ്വദേശിയായ പരാതിക്കാരൻ പേരാമ്പ്ര ടൌണിൽ പുതുതായി തുടങ്ങാനുദ്ദേശിച്ച സ്ഥാപനത്തിന്റെ വ്യാപാര ലൈസൻസിനായി പരാതിക്കാരനിൽ നിന്നും 5,000/- രൂപ കൈക്കൂലി വാങ്ങവെ കോഴിക്കോട് വിജിലൻസ് യൂണിറ്റ് കയ്യോടെ പിടികൂടി രജിസ്റ്റർ ചെയ്ത്, അന്വേഷണം പൂർത്തിയാക്കി, കുറ്റപത്രം സമർപ്പിച്ച കേസ്സിൽ പ്രതിയായ പേരാമ്പ്രാ ഗ്രാമ പഞ്ചായത്ത് മുൻ സെക്രട്ടറിയായിരുന്ന പത്മരാജനെ കുറ്റക്കാരനാണെന്ന് കണ്ടെത്തി ശിക്ഷിച്ചത്. വിവിധ വകുപ്പുകളിലായി ആകെ 7 വർഷം കഠിന തടവിനും 1,00,000/-രൂപ പിഴ ഒടുക്കുന്നതിനുമാണ് കോഴിക്കോട് വിജിലൻസ് കോടതി ഇന്ന് (19.02.2025) ശിക്ഷ വിധിച്ചത്. ശിക്ഷ ഒരുമിച്ച് അനുഭവിച്ചാൽ മതിയെന്നും വിധി ന്യായത്തിൽ പറയുന്നു. എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ് (വിജിലൻസ്) ശ്രീ. ഷിബു തോമസ് ആണ് വിധി പുറപ്പെടുവിച്ചത്. വിജിലൻസിന് വേണ്ടി പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ. ലിജേഷ്.എൻ ഹാജരായി. പ്രതിയെ റിമാന്റ് ചെയ്ത് ജയിലിലടച്ചു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. യോഗേഷ് ഗുപ്ത ഐ.പി.എസ് അഭ്യർത്ഥിച്ചു.